ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, മുഖ്യമന്ത്രി ശിലാസ്ഥാപന കർമ്മം നടത്തിയ പദ്ധതിയാണ്. അതിന്റെ ഗൗരവത്തിൽത്തന്നെ എടുത്തിട്ടുണ്ട്. ശുദ്ധീകരണശാലയുടേയും ടാങ്കിന്റേയും ടെണ്ടർ നടപടികൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതിയും ഹഡ്കോയിൽനിന്ന് സാമ്പത്തിക സഹായം കിട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന് പ്രത്യേക സംവിധാനം വേണമെന്ന് അദ്ദേഹം പറഞ്ഞു. വാട്ടർ റിസോഴ്സസ് സെക്രട്ടറിയുടെ മേൽനോട്ടത്തിൽ അതിനുള്ള ക്രമീകരണം ചെയ്യുന്നതാണ്.

(24) താമരശ്ശേരി വില്പന നികുതി ചെക്ക് പോസ്റ്റ് നിലനിർത്തൽ

ശ്രീ. സി. മോയിൻകുട്ടി: സർ, തിരുവമ്പാടി നിയോജകമണ്ഡലത്തിലെ താമരശ്ശേരി ടൗൺ ദേശീയപാത 212-ലാണ്. പതിറ്റാണ്ടുകളായി അവിടെ പ്രവർത്തിച്ചുവരുന്ന സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റ് നിർത്തലാക്കുന്നതിനായുള്ള ഉത്തരവ് ഗവൺമെന്റ് ഡെപ്യൂട്ടി കമ്മീഷണർക്ക് അയച്ചതായി അറിയുന്നു. ദിനംപ്രതി 500-ൽപ്പരം ലോറികൾ കടന്നുപോകുന്നതാണ്. ഒരുകാരണവശാലും അത് നിർത്തലാക്കരുത്. അവിടെ പുതിയ സെയിൽസ് ടാക്സ് ഓഫീസുകൂടി ആരംഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, താമരശ്ശേരി ചെക്ക് പോസ്റ്റ് വേണ്ടെന്ന് വച്ചിട്ടില്ല. പുതിയ റോഡുകൾ വന്നതോടുകൂടി ക്രോസ് ജങ്ഷനിലെ ലക്കിടി എന്ന സ്ഥലത്ത് പുതിയ ചെക്ക് പോസ്റ്റുകൂടി വന്നിട്ടുണ്ട്. ആ അടിസ്ഥാനത്തിൽ അത് വേണമോ വേണ്ടയോ എന്ന് തീരുമാനിച്ചിട്ടില്ല.

(25) പരമ്പരാഗത വ്യവസായ മേഖലയിലെ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, മാസങ്ങളായി അടഞ്ഞുകിടക്കുന്ന 34 കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളും പത്ത് കാപ്പക്സ് ഫാക്ടറികളും മറ്റ് സഹകാര്യ ഫാക്ടറികളും എത്രയുംവേഗം തുറന്നു പ്രവർത്തിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഇത് സംബന്ധിച്ച് ക്യാബിനറ്റ് തീരുമാനത്തിന്റെ ജി. ഒ. ഇപ്പോൾ ആയിട്ടുണ്ട്. ഇതിൽ ഉടൻതന്നെ നടപടി ഉണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly